# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6504 — 11-07-2012-ൽ മറുപടിയ്ക്ക്

## വാഹന പരിശോധന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി കെ.എസ്. സലീഖ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഹെൽമറ്റ് ഉപയോഗിക്കാത്തതിന്റെ പേരിലും സീറ്റ് ബൽറ്റ് ഉപയോഗിക്കാത്തതിന്റെ പേരിലും പിഴയിനത്തിൽ എത്ര തുക വീതം സമാഹരിച്ചു ; വാഹനത്തിന്റെ കൃത്യമായ രേഖകൾ ഹാജരാക്കാത്തതിന്റെ പേരിൽ എത്ര തുക സമാഹരിച്ചു ; വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹെൽമറ്റ് ഉപയോഗിക്കാത്തതിന്റെ പേരിൽ 10,99,99,830/- രൂപയും സീറ്റ് ബെൽറ്റ് ഉപയോഗിക്കാത്തതിന്റെ പേരിൽ 2,81,73,460/- രൂപയും വാഹനത്തിന്റെ കൃത്യമായ രേഖകൾ ഹാജരാക്കാത്തതിന്റെ പേരിൽ 1,09,96,900/- രൂപയും പിഴയായി സമാഹരിച്ചിട്ടുണ്ട്. |
| (ബി) വാഹന പരിശോധന നടത്താൻ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ഏത് പദവി മുതൽ ഉള്ളവരായിരിക്കണമെന്നാണ് നിർദ്ദേശം ഉള്ളത് ; വിശദമാക്കുമോ ; | (ബി) സബ് ഇൻസ്പെക്ടർ മുതൽ മുകളിലുള്ള ഉദ്യോഗസ്ഥരാണ് വാഹന പരിശോധന നടത്തേണ്ടത് എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി സംസ്ഥാനത്തിന്റെ പല ഭാഗത്തും പോലീസ് വാഹന പരിശോധന നടത്തി സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വാഹന പരിശോധന പാടില്ലാത്ത ട്രാഫിക് സിഗ്നൽ പോലുള്ള സ്ഥലങ്ങളിൽ വാഹന പരിശോധന നടത്തുകയും പിഴ ഈടാക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരമുള്ള സ്ഥലങ്ങളിലെ വാഹന പരിശോധന തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | (ഡി) | ട്രാഫിക് സിഗ്നൽ പോലുള്ള സ്ഥലങ്ങളിൽ വാഹന പരിശോധന നടത്താറില്ല. ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ